തൊഴിലാളികൾ, ചുമട്ടു തൊഴിലാളികൾ, മോട്ടോർ തൊഴിലാളികൾ, കരകൗശല രംഗത്തെ തൊഴിലാളികൾ, കശുവണ്ടി തോട്ടം തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, സർക്കാരിതര ഖാദി ജീവനക്കാർ, ക്ഷീരകർഷകർ, പെയിന്റിംഗ് തൊഴിലാളികൾ, വൃദ്ധജനങ്ങൾ, പേപ്പർ വ്യവസായം (കൈത്തൊഴിൽ), മദ്രസ അദ്ധ്യാപകർ ഇതു കൂടാതെ എല്ലാ ബി.പി.എൽ/എ.എ.വൈ. കുടുംബങ്ങൾക്കും 2 രൂപയ്ക്ക് ഒരു കിലോ ഭക്ഷ്യധാന്യം നൽകിവരുന്നുണ്ട്.

(ബി&സി) ഉണ്ട് മദ്രസ്സാ അധ്യാപകരെ ഈ പദ്ധതിയുടെ ആനുകൂല്യത്തിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അവരുടെ ലിസ്റ്റ് ലഭ്യമാക്കാൻ പൊതുഭരണ (മൈനോറിറ്റി) സെല്ലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന അനാഥാലയങ്ങൾക്കും മറ്റ് ധർമ്മ സ്ഥാപനങ്ങൾക്കും ബി.പി.എൽ. നിരക്കിൽ ഭക്ഷ്യധാന്യം (അരി 6.20 രൂപ, ഗോതമ്പ് 4.70 രൂപ) വിതരണം ചെയ്തുവരുന്നു.

(ഇ) സർക്കാർ പരിശോധിക്കേണ്ടതാണ്.

റേഷൻ കാർഡ് വിതരണം

107 (173) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം താലൂക്ക് സപ്ലൈ ഓഫീസിനുകീഴിൽ പട്ടാമ്പി അസംബ്ലി നിയോജകമണ്ഡല പരിധിയിൽ എത്ര പുതിയ റേഷൻ കാർഡിനുള്ള അപേക്ഷയാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷകർക്ക് ഉടൻ റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ബി. പി. എൽ. കാർഡാക്കി മാറ്റാനുള്ള അപേക്ഷ എന്ന് സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3846 അപേക്ഷകൾ.

(ബി) 2010 ഡിസംബർ 31-ന് മുൻപായി വിതരണം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ബി.പി.എൽ. കുടുംബങ്ങളെ കണ്ടെത്തുന്നതിന് നടത്തിയ സർവ്വെ പ്രകാരം തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും അർഹരായവരുടെ പേര് തദ്ദേശസ്വയംഭരണ വകുപ്പ് അംഗീകരിച്ച് ലഭ്യമാക്കിയാലുടനെ അത്തരം ആളുകൾക്ക് ബി.പി.എൽ. കാർഡ് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly